# ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**നടപടിക്രമം**

സാങ്കേതികം-വിദ്യാഭ്യാസം-ജീവനക്കാര്യം (ഡി)-ഫുൾടൈം സ്വീപ്പർ/സാനിട്ടറി വർക്കർ തസ്തികയിലെ ജീവനക്കാർക്ക് -സ്ഥലം മാറ്റം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED2/19426/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 06.07.2023

---

വായന:- 1. 25.02.2023-ലെ സ. ഉ(കൈ) നം.83/2023/ഉവിവ നമ്പർ സർക്കാർ ഉത്തരവ്
2 . ഫുൾടൈം സ്വീപ്പർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ നടുവിൽ സർക്കാർ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് പ്രാരംഭഘട്ടത്തിൽ അനുവദിക്കപ്പെട്ട ഫുൾ ടൈം സ്വീപ്പർ/ഫുൾ ടൈം സാനിട്ടറി വർക്കർ തസ്തികയിലേക്ക് കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഫുൾടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീ.പ്രശാന്തൻ.എ (പെൻ-810087), ശ്രീ.സുരേഷ്.പി(പെൻ-818573) എന്നിവരെ വായനയിലെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ നടുവിൽ സർക്കാർ പോളിടെക്നിക് കോളേജിലേക്ക് സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തസ്തികകളിൽ ജോലി ചെയ്തു വരുന്ന സീനിയറായ ജീവനക്കാരെ സ്ഥാപന മേധാവിക്ക്, ഫുൾ ടൈം സ്വീപ്പർ തസ്തികകളിലേക്ക് തസ്തിക മാറ്റം നല്കി നിയമിക്കാവുന്നതും, ജൂനിയറായ ജീവനക്കാരെ ഫുൾ ടൈം സാനിട്ടറി വർക്കർ തസ്തികകളിലേക്ക് നിയമിക്കാവുന്നതുമാണ്.

മേൽപ്പറഞ്ഞ സ്ഥലം മാറ്റം അപേക്ഷ പ്രകാരം ആയതിനാൽ ടി ജീവനക്കാർക്ക് ഭാഗം-I, കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 136 ലെ കുറിപ്പിൽ നിഷ്കർഷിക്കും പ്രകാരം പുതിയ സ്റ്റേഷനിൽ ജോലിയിൽ പ്രവേശിക്കുന്നതിലേയ്ക്കാവശ്യമായ യാത്രാ സമയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

സ്ഥാപന മേധാവികൾ,മേൽ ജീവനക്കാരുടെ വിടുതൽ / ചേരുംകാലം യഥാസമയം DDFS മുഖേന അറിയിക്കേണ്ടതാണ്.

ടി ജീവനക്കാരുടെ സ്ഥലം മാറ്റത്തിന്റെ വെളിച്ചത്തിൽ ആഫീസ് പ്രവർത്തനങ്ങളിൽ തടസ്സമുണ്ടാകാതിരിക്കുന്നതിലേയ്ക്ക് ടി അംഗീകൃത തസ്തികകളിൽ 09/07/2019 തീയ്യതിയിലെ സ.ഉ. (അച്ചടി) 81/2019/ധന നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥിരനിയമനം നടത്തുന്നത് വരെയോ, പരമാവധി 3 മാസത്തേയ്ക്കോയെന്ന വ്യവസ്ഥയിൽ താൽക്കാലികമായി ദിവസ വേതനത്തിൽ നിയമിക്കുന്നതിലേയ്ക്കും അനുമതി നൽകുന്നു.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്
1.സ്ഥാപന മേധാവികൾക്കും,ബന്ധപ്പെട്ട ജീവനക്കാർക്കും (വകുപ്പിൻറെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 06.07.2023
Reason: Approved


The document is digitally approved. Hence signature is not needed.

Draft #2 of File ED2/19426/23/DTE Approved by Senior Administrative Officer on 06-Jul-2023 12:07 AM - Page 1